**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **02-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മെയ് മുതൽ 2025 ഡിസംബർ വരെ മഞ്ചേരി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് നടത്തിയ പദ്ധതികൾ എന്തൊക്കെ എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; ഉപയോഗിച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; പദ്ധതി പ്രവൃത്തികളുടെ പൂർത്തീകരണഘട്ടം വിശദീകരിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മെയ് മുതൽ 2025 ഡിസംബർ വരെ മഞ്ചേരി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് നടത്തിയ പദ്ധതികളും പ്രസ്തുത പദ്ധതികൾക്ക് ഉപയോഗിച്ച തുക പദ്ധതി പ്രവൃത്തികളുടെ പൂർത്തീകരണഘട്ടം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു |
| (ബി) | മഞ്ചേരി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കാമോ; | (ബി) | കിഫ്ബിയിൽ ഭരണാനുമതി നൽകിയ മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പാക്കേജ് 1 ൽ ഉൾപ്പെട്ട ജലശുദ്ധീകരണശാല, ട്രാൻസ്ഫോർമറും, ട്രാൻസ്ഫോർമർ ബിൽഡിംഗ്, റോ വാട്ടർ പമ്പിംഗ് മെയിൻ , ബൂസ്റ്റർ സമ്പ്, പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്.പാക്കേജ് 2 ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലക്കാവശ്യമായ ഡി.ഐ പൈപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കാനാവശ്യമായ പി.വി.സി പൈപ്പുകൾ പൂർണമായും വിതരണം ചെയ്ത് സ്ഥാപിക്കാൻ ബാക്കിയുണ്ട്. കൂടാതെ പാക്കേജ് 2 ൽ ഉൾപ്പെട്ട വിതരണ ശൃംഖലയുടെ പ്രധാനപ്പെട്ട വിഭാഗമായ പി.വി.സി പൈപ്പുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നൽകിയതിനെ തുടർന്ന് പ്രവൃത്തി കഴിഞ്ഞ 2 വർഷത്തോളമായി നിർത്തിവെച്ചിരിക്കുകയാണ്.കിഫ്ബിയിൽ ഭരണാനുമതി നൽകിയ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി ഡി.ഐ പൈപ്പ് ആക്കി മാറ്റുന്ന പ്രവൃത്തി 90% പൂർത്തീകരിക്കുകയും ബഹു. കേരള |

| | | | |
|---|---|---|---|
| | | | ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രവൃത്തി ഷോർട്ട്ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിച്ച, മണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്തായി എന്ന് വ്യക്തമാക്കാമോ; പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (സി) | റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുന്നതിനായി പ്രത്യേക പാക്കേജ് CWSS to Wandoor, Thuvvur, Kalikavu, Karuvarakkundu & Edapatta എന്ന സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ട് .കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തൃക്കലങ്ങോട്, പാണ്ടിക്കാട്, കീഴാറ്റൂർ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിയെടുത്ത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വരുന്നുണ്ട്. തൃക്കലങ്ങോട് പഞ്ചായത്തിൽ 7 കി.മീറ്റർ നീളത്തിൽ റോഡ് പൂർണമായും 2 കി.മീറ്റർ ദൂരത്തിൽ റോഡ് ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. പാണ്ടിക്കാട് പഞ്ചായത്തിൽ 41 കി. മീറ്റർ നീളത്തിൽ റോഡ് പൂർണമായും 24 കി.മീറ്റർ ദൂരത്തിൽ റോഡ് ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. കീഴാറ്റീർ പഞ്ചായത്തിൽ 20 കി.മീറ്റർ നീളത്തിൽ റോഡ് ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി യുദ്ധാകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) | മഞ്ചേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ; | (ഡി) | മഞ്ചേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തിയുടെ നാളിതുവരെയുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു |
| (ഇ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ അമൃത് കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഇ) | AMRUT 2.0 മഞ്ചേരി മുനിസിപ്പാലിറ്റിയുടെ പദ്ധതി 2027 ഏപ്രിൽ മാസത്തോടു കൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു . AMRUT 2.0 മഞ്ചേരി മുനിസിപ്പാലിറ്റിയുടെ പദ്ധതി 8/12/2025 ന് കോൺട്രാക്ടർക് സൈറ്റ് handover ചെയ്തിട്ടുണ്ട്, പദ്ധതിയുടെ കാലാവധി 1 വർഷം 4 മാസം ആണ്. പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന്, പദ്ധതിക്ക് വേണ്ട PWD road cutting permission അപേക്ഷ സമർപ്പിച്ച് PWD യുമായി ബന്ധപ്പെടുന്നുണ്ട്, കണക്ഷൻ ആവശ്യമുള്ളവരുടെ പട്ടിക മുൻസിപ്പാലിറ്റിയിൽ നിന്ന് ഉടനെ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ ഉടനെ തുടങ്ങാൻ വേണ്ട നിർദേശം കോൺട്രാക്ടർക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (എ)

## ജലസേചനവും ഭരണവും

| Sl No | Name of work | AS Amount (Lakhs) | Year of Sanction | Expenditure (Lakhs) | Status of works |
|---|---|---|---|---|---|
| 1 | SDRF-Protection to the damaged Left bank of Puliyanthodu at D/S of Chirakkal Chira, Kizhakkumpadam in Edappatta Panchayath, Malappuram Dt. | 33.00 | 2021-22 | 16.96 | Work completed |
| 2 | GENERAL-VCB Construction-MI Class II- Construction of VCB at Pulath across Puthram thodu in Thrikkalangode Panchayath, in Malappuram (Dt).-General Civil Wo | 39.00 | 2022-23 | 26.00 | Work completed |
| 3 | GENERAL-AM-2023-24 VCB across Kakathodu-Annual maintenanace to VCB across Kakkathodu at Nellikuth Vazhankuda in Manjeri municipality-General Civil Work | 2.00 | 2023-24 | 18.19 | Work completed |
| 4 | GENERAL-AM-24-25 NELLIKUTH VCB-Annual maintenance to VCB across Kakkathodu at Nellikuth Vazhankuda in Manjeri municipality,Malappuram(Dt)-General Civil Work. | 1.50 | 2024-25 | 0.00 | Work completed |
| 5 | GENERAL-CHALIKKATHODU-Side Protection Works to Chalikkathodu at Chettiyangadi in ward 04 of Manjeri Municipality,Malappuram(Dt)-General Civil Work | 20.00 | 2024-25 | 0.00 | Site handed over to contractor |
| 6 | Annual maintenance to VCB across Kakkathodu at Vazhankuda-Nellikkuth in Manjeri Municipality , Malappuram (Dt) | 3.10 | 2025-26 | 0.00 | Tendered |
| 7 | GENERAL-Valarad checkdam FRP shutter work-Renovation of existing checkdam across kadalundi river at Kootilangalpadi, valarad in Pandikkad panchayath, Manjeri LAC in Malappuram Dt. | 20.00 | 2024-2025 | | Site handed over to contractor |

## IDRB

National Hydrology Project-ൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷത്തിൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ പാണ്ടിക്കാട് റെയിൻ ഗേജ് സ്റ്റേഷൻ അറ്റകുറ്റ പണികൾക്കായി Rs. 27, 500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2025 ഫെബ്രുവരിയിൽ 100% പൂർത്തീകരിച്ചിട്ടുണ്ട്.

## ജലനിധി

2022-23 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നിയോജക മണ്ഡലത്തിൽ, എടപ്പറ്റ പഞ്ചായത്തിലെ താഴെ പുളിയക്കോട്, ജനമൈത്രി, കുണ്ടൻചോല, പുളിയക്കോട്, കൊമ്പൻകല്ല്, കക്കാടംകയം എന്നീ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്ന 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി** | | | | |
|---|---|---|---|---|
| **ക്രമ നം.** | **പഞ്ചായത്ത്** | **കുടിവെള്ള പദ്ധതിയുടെ പേര്** | **ഭരണാനുമതി തുക** | **നിലവിലെ സ്ഥിതി** |
| 1 | എടപ്പറ്റ | താഴെ പുളിയക്കോട്, | 266750 | പൂർത്തീകരിച്ചു |
| 2 | എടപ്പറ്റ | ജനമൈത്രി, | 401692 | പൂർത്തീകരിച്ചു |
| 3 | എടപ്പറ്റ | കുണ്ടൻചോല, | 1023081 | പൂർത്തീകരിച്ചു |
| 4 | എടപ്പറ്റ | പുളിയക്കോട്, | 372619 | പൂർത്തീകരിച്ചു |
| 5 | എടപ്പറ്റ | കൊമ്പൻകല്ല്, | 3438288 | പൂർത്തീകരിച്ചു |
| 6 | എടപ്പറ്റ | കക്കാടംകയം | 586353 | പൂർത്തീകരിച്ചു |

## KIIDC

മലപ്പുറം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയ പദ്ധതിയാണ് 'മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിയ്ക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം'. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കടലുണ്ടി നദിയുടെ വലതുകര മഞ്ചേരി നിയോജക മണ്ഡലവും ഇടതുകര മലപ്പുറം നിയോജകമണ്ഡലവും ആണ്. ഈ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം (₹12.80 കോടി രൂപ) നൽകിയിട്ടുണ്ട്. തുടർന്ന് കിഫ്ബി ഓർഡർ നമ്പർ: WRD022-06/APR-06/2019/KIIFB തീയതി 22.06.2019 പ്രകാരം ₹12.06 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചു. പദ്ധതി ടെൻഡർ ചെയുകയും ഇൻഫാബ് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കരാറുകാരനുമായി 17.12.2019-ൽ കരാർ (അടങ്കൽ തുക - ₹9.79 കോടി രൂപ) നടപ്പിലാക്കി നിർമ്മാണ പ്രവൃത്തികൾ 03.11.2023-ന് പൂർത്തീകരിച്ചിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റി

| SL NO | നിയോജകമണ്ഡലം | ഫിനാൻഷ്യൽ ഹെഡ് | പഞ്ചായത്ത് | സാമ്പത്തിക വർഷം | ഭരണാനുമതി തുക ലക്ഷത്തിൽ | സാങ്കേതികാനുമതി തുക ലക്ഷത്തിൽ | പ്രവൃത്തിയുടെ പേര് | പുരോഗതി |
|---|---|---|---|---|---|---|---|---|
| 1 | മഞ്ചേരി | JJM | ഇടപ്പറ്റ | 2022 | 38357 | 3,483.00 | പാക്കേജ് VI - 1) പുളിയക്കോട് 2-ൽ 14LL GLSR-ന്റെ നിർമ്മാണം) 5485 FHTC ഇടപ്പട്ട ഗ്രാമപഞ്ചായത്ത്-പൈപ്പ് ലൈൻ വർക്കിൽ പമ്പിംഗ് വിതരണ ശൃംഖലയും സ്ഥാപിക്കുന്നു | (101.224 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു) 51% തുടരുന്നു |
| 2 | | | ഇടപ്പറ്റ | | | 19.7 | പാക്കേജ് VI - 1.പുളിയക്കോട് 2-ൽ 14LL GLSR-ന്റെ നിർമ്മാണം) 5485 FHTC ഇടപ്പട്ട ഗ്രാമപഞ്ചായത്ത്-എക്സ്ട്രാ വർക്കിൽ പമ്പിംഗ് വിതരണ ശൃംഖലയും സ്ഥാപിക്കുന്നു | 1%പൂർത്തീകരിച്ചു |
| 3 | | | പാണ്ടിക്കാട് | 2020 | 8.4 | 8.4 | ജെജെഎം മലപ്പുറം പാണ്ടിക്കാട് പഞ്ചായത്തിൽ FHTC നൽകുന്ന പ്രവർത്തി | 100%പൂർത്തീകരിച്ചു |
| 4 | മഞ്ചേരി | സംസ്ഥാന പദ്ധതി - | മഞ്ചേരി മുനിസിപ്പാലിറ്റി | 2021 | 132 | 132 | മഞ്ചേരിയിലേക്കുള്ള RWSS-ലെ മെച്ചപ്പെടുത്തലുകൾ - വീട്ടിക്കുന്ന് പ്രദേശത്തേക്കുള്ള ജലവിതരണം - രണ്ടാം ഘട്ടം - മഞ്ചേരി മുനിസിപ്പാലിറ്റിയിലെ വാർഡ് നമ്പർ 28, 29, 30 & 32-ൽ വിതരണ ലൈൻ നൽകൽ | 100%പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | മഞ്ചേരി | സംസ്ഥാന പദ്ധതി – | മഞ്ചേരി മുനിസിപ്പാലിറ്റി | 2022 | 311.9 | 311.9 | മഞ്ചേരിയിലേക്ക് യു.ഡബ്ല്യു.എസ്.എസ്. – കോട്ടക്കുണ്ട് കോളനി, പകൽ വീട്, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ മംഗലശ്ശേരിയിലെ പബ്ലിക് ഹെൽത്ത് സെന്റർ, ഗുഡ് ഹോപ്പ് സ്കൂൾ (ബഡ്സ് സ്കൂൾ) എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് ഒ.എച്ച്.എസ്.ആർ. തടപ്പറമ്പിൽ നിന്ന് പ്രത്യേക ലൈൻ നൽകുന്നു. | 22%പൂർത്തീകരിച്ചു |
| 6 | മഞ്ചേരി | സംസ്ഥാന പദ്ധതി – | മഞ്ചേരി മുനിസിപ്പാലിറ്റി | 2024 | 17.4 | 17.4 | മഞ്ചേരി മുനിസിപ്പാലിറ്റിയിലെ വിവിധ സ്ഥലങ്ങളിൽ ടോട്ടൽ സ്റ്റേഷനോടുകൂടിയ ടോപ്പോഗ്രാഫിക്കൽ സർവേ നടത്തുന്നു" | 100%പൂർത്തീകരിച്ചു |
| 7 | മഞ്ചേരി | അമൃത് 2.0 | മഞ്ചേരി മുനിസിപ്പാലിറ്റി | 2024 | 2610.80 | 2320.51 | അമൃത് 2.0 – മഞ്ചേരി നഗരസഭ – മഞ്ചേരിയിലേക്ക് യുഡബ്ല്യുഎസ്എസ് വർദ്ധിപ്പിക്കൽ – യൂണിറ്റി കോളേജ് സോണിൽ ഒഎച്ച്എസ്ആർ നിർമ്മാണം, സിഡബ്ല്യുപിഎമ്മിന്റെ ലേഔട്ട്, പമ്പ് സെറ്റുകളുടെയും അനുബന്ധ ജോലികളുടെയും നിർമ്മാണം, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ യൂണിറ്റി കോളേജ് സോണിലേക്ക് വിതരണ സംവിധാനം നൽകൽ – ഒന്നാം ഘട്ടം – പൈപ്പ് ലൈൻ ജോലി | അഗ്രീമെന്റ് വച്ചു പ്രവർത്തി തുടങ്ങുന്നു 0%പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | മഞ്ചേരി | | | | 42242.00 | 5943.00 | **തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് സ്കീം – പാക്കേജ് – 1 –** കിണറും പമ്പ് ഹൗസും, 31 mld ജല ശുദ്ധീകരണ ശാല, 23 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണവും, കമ്മീഷനിംഗും, പരിപാലനവും - ഇലക്ട്രോ മെക്കാനിക്കൽ വർക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ച് ടെസ്റ്റിംഗ്, കമ്മീഷൻ എന്നീ പ്രവൃത്തിയും. | കിണറിന്റെയും, ജല ശുദ്ധീകരണ ശാലയുടെയും, റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും പ്രവൃത്തി പുരോഗമിച്ചു വരുന്നു. 20% പ്രവൃത്തി പൂർത്തീകരിച്ചു |
| 9 | മഞ്ചേരി | JJM | തൃക്കലങ്ങോട്, പാണ്ടിക്കാട് | 2021 | | 11577.00 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് സ്കീം പാക്കേജ് – 2 – തൃക്കലങ്ങോട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണി നിർമ്മിച്ച് പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 45% പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | മഞ്ചേരി | | | | | 7469.00 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് സ്കീം പാക്കേജ് – 4 – പാണ്ടിക്കാട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണിയും, ഭൂതല ജല സംഭരണിയും നിർമ്മിച്ച് ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി – ജനറൽ സിവിൽ വർക്ക് | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 50% പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | മഞ്ചേരി | | | | | 2810.00 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് സ്കീം പാക്കേജ് – 5 – കുന്നുംപുറത്ത് ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി | പമ്പ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| 12 | മഞ്ചേരി | JJM | | 2023 | | 11600.00 | റീ അപ്രോപ്രിയേഷൻ – തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തിലെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 20% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | മഞ്ചേരി | | കീഴാറ്റൂർ | 2022 | 40371.73 | 9120.00 | പാക്കേജ് 2 – ജൽ ജീവൻ മിഷൻ– വെട്ടത്തൂർ, കീഴാറ്റൂർ, മലാറ്റൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതി – വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് കീഴാറ്റൂർ ഗ്രാമപഞ്ചായത്തി നായുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി | 35% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | മഞ്ചേരി | State plan | മഞ്ചേരി | 2024 | 66.60 | 66.60 | സ്റ്റേറ്റ് പ്ലാൻ മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതി- പയ്യനാട്-തടപ്പറമ്പ് ഭാഗത്തേക്കുള്ള കുടിവെള്ള പദ്ധഥി വിപുലീകരണം | 100% പൂർത്തീകരിച്ചിട്ടുണ്ട് |

അനുബന്ധം (ബി)

കേരള വാട്ടർ അതോറിറ്റി

| SL NO | നിയോജകമണ്ഡലം | ഫിനാൻഷ്യൽ ഹെഡ് | പഞ്ചായത്ത് | സാമ്പത്തിക വർഷം | ഭരണാനുമതി തുക ലക്ഷത്തിൽ | സാങ്കേതികാനുമതി തുക ലക്ഷത്തിൽ | പ്രവൃത്തിയുടെ പേര് | പുരോഗതി |
|---|---|---|---|---|---|---|---|---|
| 1 | മഞ്ചേരി | JJM | ഇടപ്പറ്റ | 2022 | 38357 | 3,483.00 | പാക്കേജ് VI - 1) പുളിയക്കോട് 2-ൽ 14LL GLSR-ന്റെ നിർമ്മാണം) 5485 FHTC ഇടപ്പട്ട ഗ്രാമപഞ്ചായത്ത്-പൈപ്പ് ലൈൻ വർക്കിൽ പമ്പിംഗും വിതരണ ശൃംഖലയും സ്ഥാപിക്കുന്നു | (101.224 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു) 51% തുടരുന്നു |
| 2 | | | ഇടപ്പറ്റ | | | 19.7 | പാക്കേജ് VI - 1.പുളിയക്കോട് 2-ൽ 14LL GLSR-ന്റെ നിർമ്മാണം) 5485 FHTC ഇടപ്പട്ട ഗ്രാമപഞ്ചായത്ത്-എക്സ്ട്രാ വർക്കിൽ പമ്പിംഗും വിതരണ ശൃംഖലയും സ്ഥാപിക്കുന്നു | 1%പൂർത്തീകരിച്ചു |
| 3 | | | പാണ്ടിക്കാട് | 2020 | 8.4 | 8.4 | ജെജെഎം മലപ്പുറം പാണ്ടിക്കാട് പഞ്ചായത്തിൽ FHTC നൽകുന്ന പ്രവർത്തി | 100%പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | | | | | 42242.00 | 5943.00 | **തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പാക്കേജ് – 1 –** കിണറും പമ്പ് ഹൗസും, 31 mld ജല ശുദ്ധീകരണ ശാല, 23 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണവും, കമ്മീഷനിംഗും, പരിപാലനവും - ഇലക്ട്രോ മെക്കാനിക്കൽ വർക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ച് ടെസ്റ്റിംഗ്, കമ്മീഷൻ എന്നീ പ്രവൃത്തിയും. | കിണറിന്റെയും, ജല ശുദ്ധീകരണ ശാലയുടെയും, റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും പ്രവൃത്തി പുരോഗമിച്ചു വരുന്നു. 20% പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | മഞ്ചേരി | JJM | തൃക്കലങ്ങോട്, പാണ്ടിക്കാട് | 2021 | | 11577.00 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പാക്കേജ് – 2 – തൃക്കലങ്ങോട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണി നിർമ്മിച്ച് പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 45% പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | | | | | | 7469.00 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പാക്കേജ് – 4 – പാണ്ടിക്കാട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണിയും, ഭൂതല ജല സംഭരണിയും നിർമ്മിച്ച് ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി – ജനറൽ സിവിൽ വർക്ക് | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 50% പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | മഞ്ചേരി | JJM | | | | 2810.00 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പാക്കേജ് – 5 – കുന്നംപുറത്ത് ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി | പമ്പ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| 8 | | | | 2023.00 | | 11600.00 | റീ അപ്രോപ്രിയേഷൻ – തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തിലെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | 20% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | | | കീഴാറ്റൂർ | 2022.00 | 40371.73 | 9120.00 | പാക്കേജ് 2 – ജൽ ജീവൻ മിഷൻ– വെട്ടത്തൂർ, കീഴാറ്റൂർ, മലാറ്റൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതി – വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് കീഴാറ്റൂർ ഗ്രാമപഞ്ചായത്തി നായുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി | 35% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |